# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2333 — 18.02.2016 ൽ മറുപടിയ്ക്ക്

## ആയുർവേദ-യോഗ-പ്രകൃതി ചികിത്സാ രംഗം

| ചോദ്യം<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആയൂർവേദ-യോഗ-പ്രകൃതി ചികിത്സാ രംഗത്തെ വളർച്ചയുടെ പ്രാമുഖ്യം പരിഗണിച്ച് ,ടി ചികിത്സാരംഗത്തിന്റെ വളർച്ചയ്ക്കും പ്രചാരത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) | സംസ്ഥാനത്തെ നാലു ഗ്രാമ പഞ്ചായത്തുകൾ ഒഴിച്ച് എല്ലാ ഗ്രാമ പഞ്ചായത്തിലും സർക്കാർ / എൻ.എച്ച്. എം ആയുർവേദ ഡിസ്പെൻസറികൾ നിലവിലുണ്ട്. എല്ലാ ജില്ലാ ആയുർവേദ ആശുപത്രികളിലും യോഗ/പ്രകൃതി ചികിത്സാ വിഭാഗത്തിനായി പ്രത്യേകം യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷന്റെ കീഴിൽ 14 യോഗ വെൽനെസ്സ് കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എല്ലാ പഞ്ചായത്തുകളിലും ആയൂർവേദ-യോഗ-പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി | യോഗ-പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ശുപാർശ പരിഗണനയിലില്ല. |
| (സി) | യോഗതെറാപ്പിയുടെ പ്രചാരത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ,വ്യക്തമാക്കുമോ? | (സി) | യോഗ തെറാപ്പിയുടെ പ്രചാരത്തിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് യോഗ പരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ആയുഷ് മെഡിക്കൽ ഓഫീസർമാർ മുഖാന്തിരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ